പദ്ധതി	സ്ഥാപിത ശേഷി (മെഗാവാട്ട്)	
	ലഭിക്കേണ്ടത്	ലഭിക്കുന്നത്
പള്ളിവാസൽ	36.6	36.84
പന്നിയാർ	32.4	32.4
ചെങ്കുളം	52.72	55.24

(ഡി) നവീകരണത്തിനു ശേഷം തുടക്കത്തിൽ പള്ളിവാസൽ പവർ ഹൗസിൽ മാത്രം ചില യന്ത്രഭാഗങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. ഇവ മിക്കവയും യന്ത്രങ്ങളുടെ തകരാറുമൂലമല്ല ഉണ്ടായത്; മറിച്ച് പുതിയ കമ്പ്യൂട്ടർ സംവിധാനവും മറ്റും സിസ്റ്റവുമായി ശരിയായി പൊരുത്തപ്പെട്ടു വരുന്നതിനുണ്ടായ താമസംമൂലമാണ് ഉണ്ടായത്. ഈ തകരാറുകളെല്ലാം കമ്പനി പരിഹരിക്കുകയും ഇപ്പോൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) പള്ളിവാസൽ പദ്ധതിയിലെ യൂണിറ്റ് നമ്പർ 1-ന് 0.061 മെഗാവാട്ടിന്റെയും യൂണിറ്റ് നമ്പർ 4-ന് 0.699 മെഗാ വാട്ടിന്റെയും കുറവ് കണ്ടു. യൂണിറ്റ് നമ്പർ 4-ന് അനുഭവപ്പെടുന്ന കുറവ് പെൻ സ്റ്റോക്ക് പൈപ്പിന്റെ ശേഷിക്കുറവുമൂലം ആകാനാണ് സാദ്ധ്യത.

സിസിലിപുരം ജംഗ്ഷനിൽ വൈദ്യുതി പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

60 [361] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന് മുമ്പ് വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 12 (ഇപ്പോഴത്തെ സിസിലിപുരം വാർഡ് നമ്പർ 14) സിസിലിപുരം ജംഗ്ഷനിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റ് ഇളക്കി മാറ്റി സ്ഥാപിച്ചതിനെ തുടർന്ന് മറ്റൊരു പോസ്റ്റ് അധികമായി സ്ഥാപിക്കുന്നതിനായി പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ 812204-ാം നമ്പർ ചെക്ക് പ്രകാരം മേജർ സെക്ഷനാഫീസിന്റെ 15-4-2005-ലെ 2951-ാം നമ്പർ രസീത് പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ബാലരാമപുരം മേജർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ പണം അടച്ചിട്ടുണ്ടോ;

(ബി) പുതുതായി ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് എത്ര കാലം വരെയുള്ള കാലതാമസം അനുവദനീയമാണ്;

(സി) വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽനിന്നും 15-4-2005-ൽ തുകയടച്ചശേഷം ബാലരാമപുരം മേജർ സെക്ഷന്റെ പരിധിയിൽ എത്ര പോസ്റ്റുകൾ ഇതുവരെ സ്ഥാപിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സിസിലിപുരത്ത് പോസ്റ്റ് സ്ഥാപിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വെളിപ്പെടുത്തുമോ; ഈ കാലതാമസത്തിനുള്ള ഉത്തരവാദിത്തം ആർക്കാണ്; അവരുടെമേൽ ഈ കാലതാമസത്തിന് നടപടിയെടുക്കുമോ;

(ഇ) സിസിലിപുരത്ത്, 15-4-2005-ൽ പണമടച്ച പ്രകാരമുള്ള പോസ്റ്റ് ഉടനടി സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണമടച്ചു കഴിഞ്ഞാലുടൻ പോസ്റ്റിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(സി) 22 എണ്ണം.

(ഡി) & (ഇ) പോസ്റ്റ് സ്ഥാപിക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള പ്രദേശവാസികളുടെ തർക്കംമൂലമാണ് പണി പൂർത്തീകരിക്കാൻ കഴിയാത്തത്. തർക്കം തീർന്നാലുടൻ പണി പൂർത്തീകരിക്കുന്നതാണ്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

81 [362] ശ്രീ. ബി. വിജയകുമാർ:

,, വി. ജെ. പൗലോസ്:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുള്ള കോൺട്രാക്ട് ടെണ്ടർ കൂടാതെ എസ്. എൻ. സി. ലാവലിന് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ മലബാർ കാൻസർ സെന്ററിന് എന്ത് ധനസഹായം ചെയ്യാമെന്നാണ് എസ്. എൻ. സി. ലാവലിൻ വാഗ്ദാനം ചെയ്തത്;

(ബി) ഈ വാഗ്ദാനം ഏതെല്ലാം രേഖകളിൽ പരാമർശിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നവീകരണത്തിനുള്ള കോൺട്രാക്ടിൽ ഇത് പറഞ്ഞിരുന്നോ; ഇല്ലെങ്കിൽ ആരുടെ വീഴ്ചയാണ്.

(ഡി) എവിടെനിന്നെല്ലാം പണം സ്വരൂപിച്ച് നൽകാമെന്നാണ് അവർ വാഗ്ദാനം ചെയ്തിരുന്നത്;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കനേഡിയൻ ഗവൺമെന്റിനോ ഹൈക്കമ്മീഷനോ കത്ത് നൽകിയിരുന്നുവോ; എങ്കിൽ എന്ത് മറുപടി കിട്ടിയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly